**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2699 **09.03.2017**-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളിലെ വീടുകൾ</u>

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ജോയി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| | പട്ടികജാതി കോളനികളിൽ പൂർത്തിയാക്കാതെ കിടക്കുന്ന വീടുകൾ പൂർത്തിയാക്കുന്നതിനും നിലവിലുള്ള വീടുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള ഫണ്ട് അനുവദിക്കുമോ? | 2007-08 മുതൽ 2012-13 വർഷം വരെ അനുവദിച്ചതിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകൾക്ക് പഴയ നിരക്കിൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഒടുവിൽ വാങ്ങിയ ധനസഹായത്തുകയ്ക്ക് തുല്യമായ തുക (2,00,000/- രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ) അധിക ധനസഹായമായി അനുവദിക്കുന്നുണ്ട്. കൂടാതെ 5 വർഷം മുതൽ 25 വർഷം പഴക്കം ചെന്ന വീടുകളുടെ നവീകരണത്തിനായി ഭവന പുനരുദ്ധാരണം/ അഡീഷണൽ റൂം എന്നീ പദ്ധതികൾ പ്രകാരം 50,000/- രൂപ ധനസഹായമായി അനുവദിക്കുന്നുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 265 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പൂർത്തീകരിക്കാതെ കിടക്കുന്ന എല്ലാ വീടുകളും പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ